QP CODE: 19101838

19101838

Reg No : .....................

Name : .....................

# B A/B.SC DEGREE (CBCS) EXAMINATION, MAY 2019

**Second Semester**

Common course II - **ML2CCT02 - മലയാളം- കവിത**

2017 ADMISSION ONWARDS

5102B119

**Maximum Marks: 80** **Time: 3 Hours**

**പാർട്ട് എ**

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.

1. "ഹൃദയഹരണമാ വിലാപഗീതം
സദയത ചേർത്തിതു ചേതനത്തിനെല്ലാം" - ആരുടെ വിലാപഗീതം?
വിശദീകരിക്കുക.

2. "പവനനുമഥവിട്ടു ചെമ്പകത്തെ,
ഭുവനവുമപ്പൊഴുതപ്രസന്നമായി " - എന്താണ് കാരണം? വിശദീകരിക്കുക.

3. "വെറ്റില ചെല്ലത്തിനൊപ്പം
കണ്ണും കാതും
കൈമാറിക്കൈമാറി
അവർ ഇരുന്നു" - ആരാണ്? വിശദീകരിക്കുക.

4. "മംഗളമാക, മർത്ത്യമഹത്ത്വ
ശൃംഗ കാമുകം താവക മാർഗ്ഗം" - ഈ ആശംസയുടെ പശ്ചാത്തലമെന്ത്?

5. "നിന്നെക്കണ്ടാലെന്നെക്കണ്ടു
എന്നെക്കണ്ടാലെല്ലാം കണ്ടു" - വിശദീകരിക്കുക.

6. മുള്ളൻപന്നി ഉടൽ ഒരു ആയുധപുരയാക്കാതിരുന്നെങ്കിൽ എന്ന് കവി
വിചാരിക്കുന്നതെന്തുകൊണ്ട്?

7. "കാക്ക കുളിക്കുന്നത് കൊക്കാകാനല്ല
സ്വന്തം കറുപ്പ് ഒന്നു കൂടി തിളങ്ങാനാണെങ്കിലോ?" - വിശദമാക്കുക.

8. 'പറയൂ പാവയോ മൃഗം?' - എന്ന ചോദ്യമുയരുന്ന സാഹചര്യമേതെന്ന്
വിശദമാക്കുക.

9. " അഥവാ ഉലക്കമേൽ കിടക്കാനുള്ളതാണോ ഒരുമ?
അതോ തലഉയർത്തി എണീറ്റു നില്ക്കാനുള്ളതോ "? - ഈ ചോദ്യങ്ങൾ
ഉയരുന്ന സന്ദർഭമേതെന്ന് വിശദീകരിക്കുക.

10. ഉഴുന്നമാടും ചുട്ടചട്ടിയും കാണുന്ന സ്വപ്നങ്ങൾ എന്തെല്ലാം?

11. "ഓരോ തുള്ളി ചിതയിലേക്കും
ഒരായിരം സൂര്യനു കുതിച്ച
ഉടന്തടികളേ " - മാവിനെ കവി ഇങ്ങനെ വിശേഷിപ്പിക്കുന്നതിന്‍റെ
സാംഗത്യമെന്ത്?

12. പുൽമേടാണ് ബേക്കറി
കലമാനാണ് ബ്രഡ്ഡുകൾ - പുൽമേടിനെ ബേക്കറിയായും കലമാനിനെ
കടുവയായും കല്പിക്കുന്നതിന്‍റെ സാംഗത്യമെന്ത്?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. മനുഷ്യ മനസ്സിന്‍റെ സൂക്ഷ്മമായ സഞ്ചാരങ്ങളെ അടയാളപ്പെടുത്തുന്ന
കവിതയാണ് 'പഴയ ചിലത്' - വിശദീകരിക്കുക.

14. "ആകുമോ ഭവാന്മാർക്കു നികത്താൻ
ലോക സാമൂഹ്യ ദുർനിയമങ്ങൾ
സ്നേഹ സുന്ദരപാതയിലൂടെ " - കവിയുടെ ഈ വെല്ലുവിളി ഏതു
സാഹചര്യത്തിലാണ് ഉണ്ടാവുന്നത്?

15. തള്ളക്കോഴിയുടെ പൂർവ്വകാല സ്മരണകൾ എന്തെല്ലാം?

16. "കണ്ണിലെപ്പോഴും കത്തിജ്ജ്വലിക്കു-
മുൾക്കണ്ണു വേണമണയാത്ത കണ്ണ്" - കോഴിയമ്മയുടെ ഈ ഉപദേശത്തിന്‍റെ
പ്രസക്തിയെന്ത്?

17. "പാരിസ്ഥിതികവും സ്ത്രീ കേന്ദ്രീകൃതവുമായ ഒട്ടേറെ പാരായണ
സാധ്യതകൾ ഉള്ള കവിതയാണ് വി.എം.ഗിരിജയുടെ കൽവീട്" - ചർച്ച
ചെയ്യുക.

18. 'ഒറ്റപ്പെട്ടു പോകുന്ന ജീവിതത്തിന്‍റെ ആവിഷ്കാരമാണ് ഒറ്റയ്ക്കിരിക്കാൻ
പഠിച്ചു കഴിഞ്ഞു ഞാൻ എന്ന കവിതയിലുള്ളത്' - പരിശോധിക്കുക.

19. കുട്ടമ്മാനെക്കുറിച്ചുള്ള കവിയുടെ ഓർമ്മകൾ എന്തെല്ലാം?

20. സ്മാരകം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പെഴുതുക.

21. "മനുഷ്യനും പ്രകൃതിയുമായുള്ള പാരസ്പര്യമാണ് നല്ല
കവിതയ്ക്കുണ്ടാവേണ്ടതെന്ന് 'തിരുത്ത് ' എന്ന കവിതയിലൂടെ പി.പി.
രാമചന്ദ്രൻ ചൂണ്ടിക്കാണിക്കുന്നു" - പരിശോധിക്കുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. "കുമാരനാശാന്റെ പുരുഷ കഥാപാത്രങ്ങളെക്കാൾ സ്വത്വബോധം പുലർത്തുന്നവരാണ് അദ്ദേഹത്തിന്റെ നായികമാർ " - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

23. കാലത്തിന്റെ കാലുഷ്യത്തെ കോഴി, മുള്ളൻപന്നി, പിറക്കാത്തമകന് എന്നീ കവിതകളിൽ എപ്രകാരമാണ് ആവിഷ്കരിക്കുന്നതെന്ന് വിശദമാക്കുക.

24. പെണ്ണിന്റെ സ്വത്വ പ്രഖ്യാപനവും ചെറുത്തു നിൽപ്പും പെണ്ണിടങ്ങളെക്കുറിച്ചുള്ള സ്വപ്നവും മലയാള കവിതയിലാണ് ഏറ്റവും ശക്തമായി കണ്ടുവരുന്നത് എന്ന അഭിപ്രായം മൃഗശിക്ഷകൻ, കൽവീട്, ഗോതമ്പുശില്പം എന്നീ കവിതകളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

25. കുട്ടമ്മാൻ, പഴഞ്ചൊല്ലുകൾ എന്നീ കവിതകൾ എപ്രകാരമാണ് അരികുവത്കരിക്കപ്പെട്ട ജീവിതങ്ങളുടെ പക്ഷം ചേരുന്നതെന്ന് വിശദീകരിക്കുക.

(2×15=30)